ഉത്തരം

(എ) 1997-98-ൽ 2175, 1998-99-ൽ 2276, 1999-2000-ൽ 1315 എന്നിങ്ങനെയാണ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളത്.

(ബി) എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 1998-ൽ 117 ലക്ഷം രൂപയുടേയും, 1999-ൽ 46 ലക്ഷം രൂപയുടേയും 2000-ൽ 6 ലക്ഷം രൂപയുടേയും തടികൾ കടത്തികൊണ്ട് പോയിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) മേൽപ്പറഞ്ഞ മൂന്നു വർഷങ്ങളിൽ ആകെ 15,46,592 രൂപ നഷ്ടപരിഹാര തുകയായി കോമ്പൗണ്ട് ചെയ്ത കേസുകളിലെ കുറ്റവാളികളിൽ നിന്നും വനംവകുപ്പ് ഈടാക്കിയിട്ടുണ്ട്. കോടതികൾ തീർപ്പാക്കിയ കേസുകളിൽ കുറ്റക്കാരിൽ നിന്നും ഈടാക്കിയ തുകകളെ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

പേര്യ മരം മുറിക്കൽ സംഭവം

3 (761) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പേര്യ പ്രദേശത്ത് അനധികൃതമായി മരം മുറിച്ചത് വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് റവന്യൂ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് സർക്കാറിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കാമോ ;

(ഇ) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(എഫ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്ക് എതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനംവകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) കോടതിയുടെ പരിഗണനയിലായതിനാൽ കഴിയില്ല.

(എഫ്) വനംവകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന 11 വനംവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ	1
റെയിഞ്ചർ	1
ഫോറസ്റ്റർ	2
ഫോറസ്റ്റ് ഗാർഡ്	7

പേര്യ മരംമുറിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന റവന്യൂ വകുപ്പിലെ 6 ഉദ്യോഗസ്ഥന്മാരെയും ഒരു സർവ്വേയറെയും സസ്പെന്റ് ചെയ്യുകയും 3 ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

സസ്പെന്റ് ചെയ്യപ്പെട്ടവർ

1. ശ്രീ. കെ. ഇ. രാജൻ, സ്പെഷ്യൽ വി. ഒ. പേര്യ.
2. ശ്രീ. സി. ശശീന്ദ്രൻ, മുൻ ആർ. ഐ. സ്പെഷ്യൽ തഹസീൽദാർ ഓഫീസ്, മാനന്തവാടി.
3. ശ്രീ. ജോർജ്ജ് ജോസഫ്, ഡപ്യൂട്ടി തഹസീൽദാർ (ഫോറസ്റ്റ്), താലൂക്ക് ഓഫീസ്, മാനന്തവാടി
4. ശ്രീ. പി. രാജൻ, സ്പെഷ്യൽ തഹസീൽദാർ (എൽ. ആർ), മാനന്തവാടി.
5. ശ്രീ. കെ. എൻ. ദിവാകരൻ, തഹസീൽദാർ, മാനന്തവാടി.
6. ശ്രീ. റ്റി. വാസുദേവൻ, ജൂനിയർ സൂപ്രണ്ട്, കളക്ടറേറ്റ്.
7. ശ്രീ. പി. ജനാർദ്ദനൻ, താലൂക്ക് സർവെയർ, മാനന്തവാടി.

സ്ഥലം മാറ്റപ്പെട്ടവർ

1. ശ്രീ. എം. എം. കുഞ്ഞികൃഷ്ണൻ, ജൂനിയർ സൂപ്രണ്ട് താലൂക്ക് ഓഫീസ് മാനന്തവാടി.
2. ശ്രീ. എ. കെ. മുഹമ്മദ് കോയ, ഡപ്യൂട്ടി തഹസീൽദാർ, താലൂക്ക് ഓഫീസ്, മാനന്തവാടി.
3. ശ്രീ. കെ. വി. സത്യൻ, യു.ഡി.സി. താലൂക്ക് ഓഫീസ്, മാനന്തവാടി.

വനഭൂമി കയ്യേറ്റം

4 (762) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. ബാവ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത വനഭൂമി കയ്യേറ്റവും വനസമ്പത്ത് കൊള്ളയടിക്കലും മൂലം ഉണ്ടാകുന്ന നഷ്ടം കണക്കാക്കാൻ സംവിധാനം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ നഷ്ടം എത്രവീതമാണെന്ന് വ്യക്തമാക്കാമോ ;

(സി) വനഭൂമി കയ്യേറ്റം കൊണ്ട് ഓരോ വർഷവും കുറഞ്ഞു വരുന്ന വന വിസ്തൃതി എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly